**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4632** **29-10-2021 - ൽ മറുപടിയ്ക്ക്**

**ജല സ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണ നിയന്ത്രണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജല മലിനീകരണം കാരണം ശുദ്ധമായ കുടിവെള്ള ലഭ്യത കുറഞ്ഞുവരുന്നത് ഗൗരവമായി കാണുന്നുണ്ടോ; കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുമായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജല മലിനീകരണം കാരണം ശുദ്ധമായ കുടിവെള്ള ലഭ്യത കുറഞ്ഞുവരുന്നത് ഗൗരവമായി കാണുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുമായി നിലവിലുള്ള സംവിധാന ങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ജലസ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണ നിയന്ത്രണവും ഉറപ്പാക്കുന്നതിന് ഏതെങ്കിലും പ്രത്യേക അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജലസ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണ നിയന്ത്രണവും ലക്ഷ്യമിട്ട് ഒരു പ്രത്യേക അതോറിറ്റി നിലവിൽ രൂപീകരിച്ചിട്ടില്ല. ശുദ്ധജല സ്രോതസ്സുകളുടെ മലിനീകരണം തടയുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് മലിനജല മാനേജ്മെന്റ് സംവിധാനം നടപ്പാക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സിവറേജ് വെർട്ടിക്കൽ രൂപീകരിച്ചിട്ടുണ്ട്. സിവറേജ് വെർട്ടിക്കലിൽ 14 ജില്ലകളിലേയും സിവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ശുദ്ധജല ലഭ്യതയുള്ള ജലസ്രോതസ്സുകളുടെയും മാലിന്യ മുക്തമാക്കി ശുദ്ധജല സ്രോതസ്സായി ഉപയോഗിക്കാവുന്നവയുടെയും പട്ടിക നിലവിലുണ്ടോ; ഇല്ലെങ്കിൽ ചെറുതും വലുതുമായ ഇത്തരം സ്രോതസ്സുകളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിയ്ക്കുന്നതിനും അവയുടെ സംരക്ഷണത്തിനുമായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ പൊതു ജലസ്രോതസ്സുകളായ കുളങ്ങളുടെ പ്രാഥമികമായ വിവരശേഖരണം ജലസേചനവകുപ്പിന്റെ രൂപകൽപനയും പര്യവേഷണവും വിഭാഗം ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ചെറുതും വലുതുമായ കുളങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിലും, ജലഗുണനിലവാര പരിശോധന നടത്തി ശുദ്ധജലലഭ്യതയുള്ള ജലസ്രോതസ്സുകൾ എന്ന പ്രത്യേക പട്ടിക തയ്യാറാക്കിയിട്ടില്ല. ഇത്തരമൊരു പരിശോധന നടത്തുന്നതിനുള്ള സംവിധാനം നിലവിൽ ജലസേചനവകുപ്പിൽ ലഭ്യമല്ല. എന്നാൽ, ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി" |

| | | | |
|---|---|---|---|
| | | | യുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള "സംയോജിത നീർത്തട പ്ലാനിൽ" ചെറുതും വലുതുമായ ജലസ്രോതസ്സുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ "ഹരിതകേരളം ശീർഷകത്തിൽ' ലഭ്യമായിട്ടുള്ള തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കുന്ന പ്രവർത്തനം നിർവ്വഹിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാനത്തെ വിവിധ ജലസ്രോതസ്സുകളായ പുഴകൾ, കായലുകൾ, കുളങ്ങൾ, തുടങ്ങിയവയിലെ ജലഗുണനിലവാരം മെച്ചമല്ല എന്ന പഠന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലലഭ്യതയുണ്ടെങ്കിലും ജലഗുണനിലവാരത്തിൽ വരുന്ന കുറവ് കുടിവെള്ള ലഭ്യതയെ ബാധിക്കുന്നതാണ്. നഗരവൽക്കരണം, ജനങ്ങളുടെ ജീവിത രീതിയിൽ വന്ന മാറ്റം, ഭൂവിനിയോഗത്തിലും കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന രാസവളം/രാസകീടനാശിനി എന്നിവയിലുണ്ടായ മാറ്റം/ വർദ്ധനവ്, നഗരപ്രദേശങ്ങളിലെ റോഡുകൾക്ക് സമാന്തരമായ ഓടകളിലെ മാലിന്യം ജലസ്രോതസ്സുകളിലെത്തിച്ചേരുന്നത്, ശാസ്ത്രീയമായ ഖര/ദ്രവമാലിന്യ സംസ്കരണത്തിന്റെ കുറവ്, തുടങ്ങിയ പ്രശ്നങ്ങൾ കാരണമാണ് ജലമലിനീകരണത്തോത് വർദ്ധിക്കുന്നത്. ഇവ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപനത്തോടു കൂടിയ പ്രവർത്തനം ആവശ്യമാണ്. ജലമലിനീകരണം കുറയ്ക്കുന്നതിനുള്ള ഒരു മാർഗ്ഗമായി കണക്കാക്കുന്ന "മാലിന്യ ത്രുക്ഷതാ ലഘൂകരണം" ലക്ഷ്യമിട്ട് നദികളിലെ ജലലഭ്യത വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി തടയണകൾ/ റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് വേനൽക്കാലത്തും നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. കൂടാതെ, ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി" യുടെ ഭാഗമായി, തദ്ദേശസ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും, അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/ പുനരുദ്ധാരണം/ സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനൊപ്പം നദികളിലേക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ (തോടുകളിൽ) ചെറുതടയണകൾ/വെന്റഡ് ക്രോസ് ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കി ഭൂജലപോഷണവും സാധ്യമാക്കുന്നു. കൂടാതെ, നദികൾക്കു കുറുകെയുള്ള പാലങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി പാലങ്ങളിലെ കൈവരികളോട് ചേർന്ന് കമ്പിവേലി സ്ഥാപിക്കുന്ന പ്രവർത്തനവും ധനലഭ്യതയനുസരിച്ച് നിർവ്വഹിച്ചു വരുന്നു. ഇതിനോടൊപ്പം, ജലസേചന നിർമ്മിതികളായ തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്കു സമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/മണൽ/ മറ്റു മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുക, ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളി/എക്കൽ/ മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുക എന്നീ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. ഇതിനുപുറമേ, ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ഭാഗമായി "ഇനി ഞാൻ ഒഴുകട്ടെ" എന്ന പേരിൽ മൂന്ന് ഘട്ടങ്ങളിലായി നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പിനായി നടപ്പിലാക്കിയ ക്യാമ്പയിന്റെ ഭാഗമായി 10253 കിലോമീറ്റർ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിരുന്നു. ഈ ജനകീയ വീണ്ടെടുക്കലിന്റെ ഭാഗമായി ജലസ്രോതസ്സുകളിലേയ്ക്ക് തുറന്നുവച്ചിരുന്ന മാലിന്യക്കുഴലുകൾ അടപ്പിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പല സ്ഥലങ്ങളിലും ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ മാലിന്യങ്ങൾ മാറ്റി പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളിൽ സുഗമമായ നീരൊഴുക്ക് സാധ്യമാക്കാനും വലിയൊരളവിൽ മഴക്കാല വെള്ളക്കെട്ട് ഒഴിവാക്കാനും കഴിഞ്ഞിട്ടുണ്ട്. ഒപ്പം ഈ ജലസ്രോതസ്സുകളിലെ ജലഗുണനിലവാരവും സമീപ പ്രദേശങ്ങളിലെ ഭൂജല ഗുണനിലവാരം വർദ്ധിപ്പിക്കാനുമായിട്ടുണ്ട്. ജലമലിനീകരണത്തിനെതിരെ ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ തരത്തിലുള്ള ബോധവൽക്കരണ കാമ്പയിനുകളും സംഘടിപ്പിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഹയർ സെക്കൻഡറി സ്കൂളുകളിലെ കെമിസ്ട്രി ലാബിനോടു ചേർന്ന് പ്രാഥമിക ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി എം.എൽ.എ.മാരുടെ വികസന ഫണ്ടാണ് പ്രധാനമായും ഉപയോഗിച്ചിട്ടുള്ളത്. ഇത്തരത്തിൽ നടത്തുന്ന പരിശോധനകളിൽ ലഭ്യമാകുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനു ബന്ധപ്പെട്ടവർക്ക് അറിയിപ്പ് നൽകുന്നതിന് സഹായകരമായ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്.

കുടിവെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പ് വരുത്തുന്നതിന് വേണ്ടി ജലനിധി കുടിവെള്ള പദ്ധതികളുടെ ഉറവിടം (source) തെരഞ്ഞെടുക്കുന്നതു മുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിടവും പരിസരവും മാലിന്യ മുക്തമായും, ഉറവിടത്തിൽ മാലിന്യം കലർന്ന ജലം എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. കൂടാതെ ഉറവിടം തെരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ടി സ്രോതസ്സിലെ ജലം ഭൗതിക, രാസ, സൂക്ഷ്മാണു ഘടകങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷമാണ് സ്രോതസ്സ് നിശ്ചയിക്കുന്നത്. ഓരോ സ്രോതസ്സിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരം അനുസരിച്ച് ആവശ്യമായ ശുദ്ധീകരണ പ്രക്രിയകളും ക്ലോറിനേഷനും നടത്തി അണുവിമുക്തമാക്കിയാണ് വിതരണത്തിന് തയ്യാറാക്കുന്നത്. ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികൾ ആണ് നിർവ്വഹിക്കുന്നത്. കാലാകാലങ്ങളിൽ ഗുണഭോക്തൃ സമിതികൾ അംഗീകൃത ലാബുകളിൽ കുടിവെള്ളം പരിശോധിച്ച് ഗുണ നിലവാരം ഉറപ്പാക്കുന്നുണ്ട്. ശുദ്ധീകരണ ശാലകൾ ഉള്ള കുടിവെള്ള പദ്ധതികളിൽ അവയോടനുബന്ധിച്ച് ഗുണ നിലവാര പരിശോധനയും ലാബുകളും പ്രവർത്തിക്കുന്നുണ്ട്. പൂർണ്ണ തോതിലുള്ള ജല ശുദ്ധീകരണ ശാലകൾ ഇല്ലാത്ത പദ്ധതികളിൽ ജല ഗുണനിലവാരമനുസരിച്ച് ആവശ്യമായ പദ്ധതികളിൽ Iron Removal Plant, Pressure filter എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇരുമ്പിന്റെ അംശം

കൂടുതലുള്ള ചെറുകിട പദ്ധതികളിൽ ഗാർഹിക തലത്തിൽ ഉപയോഗിക്കാൻ കഴിയുന്ന terrafil filter കളും നൽകുന്നുണ്ട് .

കൂടാതെ ജല ജീവൻ മിഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ട് തവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. ഇത്തരം പരിശോധന നടത്തുന്നതിനു പഞ്ചായത്ത് തലത്തിൽ വോളന്റിയർമാരെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകി വരുന്നു.

കേരള ജല അതോറിറ്റിയെ സംബന്ധിച്ച് ശുദ്ധജലത്തിന്റെ സ്രോതസ്സായ പുഴകളിലും തോടുകളിലും നിലവിൽ പമ്പ് ഹൗസ്, കിണർ എന്നിവ കേന്ദ്രീകരിച്ചു ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കാറുണ്ട്. കുടിവെള്ളം മലിനപ്പെടാതിരിക്കുന്നതിന് കുടിവെള്ള പദ്ധതികളുടെ ഗ്യാലറി വൃത്തിയാക്കൽ, കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തിയും, സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശിക്ഷാർഹമാണെന്ന പരസ്യ ബോർഡുകൾ സ്ഥാപിച്ചും, വേലി നിർമിച്ചും, നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും സ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനം, റവന്യൂ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കാറുണ്ട്. കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ്, ജലനിധി എന്നിവ സംയുക്തമായി നടപ്പിലാക്കിയ സംസ്ഥാന ബോധവൽക്കരണ പ്രചരണ പരിപാടിയായ 'ജലം ജീവാമൃതം' പദ്ധതിയുടെ ഭാഗമായി ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൈപുസ്തകം തയ്യാറാക്കി വിതരണം ചെയ്യുകയും ചെയ്തു.

ശുദ്ധജല സ്രോതസ്സുകളുടെ മലിനീകരണം തടയുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് മലിനജല മാനേജ്മെന്റ് സംവിധാനം നടപ്പാക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സ്വിവറേജ് വെർട്ടിക്കൽ രൂപീകരിച്ചിട്ടുണ്ട്. സ്വിവറേജ് വെർട്ടിക്കലിൽ 14 ജില്ലകളിലേയും സ്വിവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

ഭൂജലസ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഭൂജലവകുപ്പിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 അനലറ്റിക്കൽ ലാബുകൾ നിലവിലുണ്ട്.